Draft #3 of File 1770/AC.A I 2/2018/AC A I Approved by ASSISTANT REGISTRAR I (ACADEMIC) on 24-Oct-2019 12:26 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന സെമസ്റ്റർ കോഴ്സുകൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ അനുവദിക്കാറുള്ള summer വെക്കേഷന്റെ കാര്യത്തിൽ തൽസ്ഥിതി തുടരുവാനും സമയ ബന്ധിതമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനായി ഓരോ സെമസ്റ്ററിനും അവസാനം 10 ദിവസം break അനുവദിക്കുവാനും തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5149/AC A 1/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 24.10.2019

---

പരാമർശം:-1. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നം.B3/186/2018-HEDN തീയതി 17.11.2018

2. 17.07.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം.നം. 119/19.06/DDFS/1770/2018 പ്രകാരമുള്ള തീരുമാനം

3. 05.10.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം.നം. 36/19.08/1770/ACA1/2/2018 പ്രകാരമുള്ള തീരുമാനം

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന സെമസ്റ്റർ കോഴ്സുകൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ അനുവദിക്കാറുള്ള അവധി നവംബർ, മെയ് മാസങ്ങളിലായി വിഘടിച്ച് നൽകുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പരാമർശം (1) പ്രകാരം സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

സർവ്വകലാശാലാ സിൻഡിക്കേറ്റ് ടി വിഷയം പരിശോധിക്കുകയും പരാമർശം (2) പ്രകാരം summer വെക്കേഷന്റെ കാര്യത്തിൽ തൽസ്ഥിതി തുടരുവാനും സമയബന്ധിതമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനായി ഓരോ സെമസ്റ്ററിനും അവസാനം 10 ദിവസം break അനുവദിക്കുവാനും തീരുമാനിച്ചു.

ഓരോ സെമസ്റ്ററിനും അവസാനം 10 ദിവസം break അനുവദിക്കുന്നത്, സമയബന്ധിതമായി ക്ലാസുകൾ പൂർത്തിയാക്കാൻ കഴിയാതെ, അക്കാദമിക് കലണ്ടറിനെ ബാധിക്കും എന്ന ആശങ്ക അക്കാദമിക വിഭാഗങ്ങൾ ഉന്നയിച്ചതിനാൽ പരാമർശം (2) ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി ഫയൽ വീണ്ടും സിൻഡിക്കേറ്റിന് സമർപ്പിച്ചു.

ടി വിഷയം വീണ്ടും പരിഗണിച്ച സർവ്വകലാശാലാ സിൻഡിക്കേറ്റ് പരാമർശം (3) പ്രകാരം summer വെക്കേഷന്റെ കാര്യത്തിൽ തൽസ്ഥിതി തുടരുവാനും സമയബന്ധിതമായി പരീക്ഷാഫലം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രസിദ്ധീകരിക്കുന്നതിനായി ഓരോ സെമസ്റ്ററിനും അവസാനം 10 ദിവസം break അനുവദിക്കുവാനും ഈ വിവരം ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുവാനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്,തിരുവനന്തപുരം
2. വി.സി /പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ
4.ജെ ആർ /ഡി ആർ / ഏ ആർ (പരീക്ഷ വിഭാഗം /അക്കാദമിക് വിഭാഗം)
5. എസി.സി /എസി.ബി6/ എസി.ബി7/എസി.എ7
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7.ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 1770/AC.A I 2/2018/AC A I Approved by ASSISTANT REGISTRAR I (ACADEMIC) on 24-Oct-2019 12:26 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം